സൗജന്യ നേത്ര പരിശോധന ക്യാംപ്

അങ്കമാലി : ദേശീയ അന്ധത-കാഴ്ച വൈകല്യ നിയന്ത്രണ പരിപാടിയുടെ ഭാഗമായി അങ്കമാലി താലൂക്ക് ആശുപത്രിയുടെയും എറണാകുളം ജില്ല സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്ര പരിശോധന ക്യാംപ് പീച്ചാനിക്കാട് ഗവ. യുപി സ്കൂളിൽ നടത്തി.അങ്കമാലി നഗരസഭ ഒന്ന്, 30 വാർഡുകളിലെ നൂറിൽപരം ആളുകളെ ഉൾപെടുത്തിയാണു ക്യാംപ് നടത്തിയത്. പ്രാഥമിക പരിചരണത്തിന്റെ ഭാഗമായി എല്ലാവർക്കും നേത്ര പരിശോധന നടത്തി മരുന്നുകൾ ആവശ്യമുള്ളവർക്ക് സൗജന്യമായി നൽകി.മുൻ ചെയർമാനും കൗൺസിലറുമായ റെജി മാത്യു ഉദ്ഘാടനം ചെയ്തു.വാർഡ് കൗൺസിലർ ജെസ്മി ജിജോ അധ്യക്ഷയായിരുന്നു. നഗരസഭ ജില്ലയുടെ സഞ്ചരിക്കുന്ന നേത്ര വിഭാഗം ഹെഡ് ഡോ.മഞ്ജു, ജില്ലാ കോ ഓർഡിനേറ്റർ സുജാത, അങ്കമാലി താലൂക്ക് ആശുപത്രി ഒപ്റ്റോമെട്രിസ്റ്റ് അഞ്ചു മോൾ സംസാരിച്ചു.

നീർച്ചാൽ പുനരുജ്ജീവനം

ഹരിപ്പാട് : സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ പരിപാടിയുടെ ഭാഗമായി നവകേരളം കർമ പദ്ധതി ടു - ഹരിത കേരള മിഷൻ,ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി എന്നിവയുടെ നേതൃത്വത്തിൽ നീരുറവിന്റെ ചിങ്ങോലി പഞ്ചായത്ത് തല പദ്ധതി രേഖ പ്രകാശനവും 11-ാം വാർഡിലെ പുഴക്കര നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനവും നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശ്വതി തുളസി ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്തംഗം പി. വിജിത അധ്യക്ഷത വഹിച്ചു.

ജില്ലാ ഓപ്പൺ ചെസ് തുടങ്ങി

ആലുവ : അശോകപുരം പി. കെ.വേലായുധൻ മെമ്മാറിയൽ വിദ്യാ വിനോദിനി ലൈബ്രറിയുടെയും എറണാകുളം ചെസ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിലുള്ള ജില്ലാ ഓപ്പൺ ചെസ് ടൂർണമെന്റിന് തുടക്കം കുറിച്ചു. ടൂർണമെന്റിന്റെ ഉദ്ഘാടനം അതിനീരു ബിടെക്ക് അക്കാഡമി ഡയറക്റ്റർ മഞ്ജു അജികുമാർ നിർവഹിച്ചു. ലൈബ്രറി സെക്രട്ടറി എസ്.എ.എം.കമാൽ അധ്യക്ഷത വഹിച്ചു.സംസ്ഥാന ചെസ് അസോസിയേഷൻ ഇസിഎക്ക് നൽകിയ ചെസ് ക്ലോക്കുകൾ ചടങ്ങിൽ സംസ്ഥാന ജോ.സെക്രട്ടറി എം.കണ്ണൻ, ജില്ലാ ജോ.സെക്രട്ടറി മാർട്ടിൻ സാമുവിലിനു കൈമാറി.

അല്ലപ്ര സെന്റ് ജേക്കബ് പള്ളിയിൽ പെരുനാൾ

പെരുമ്പാവൂർ: അല്ലപ്ര സെന്റ് ജേക്കബ് യാക്കോബായ സുറിയാനി പള്ളിയിൽ ഇടവം ഇന്നും നാളെയുമായി നടക്കും. ഇന്നു വൈകിട്ട് ആറിനു കൊടിയേറ്റ്, ഒൻപതിനു പ്രദക്ഷിണം. നാളെ രാവിലെ 8.30നു അഞ്ചിന്മേൽ കുർബാന, 10.30നു നേർച്ചസദ്യ, 11നു തക്സാ എഴുന്നള്ളിപ്പ്, 11.30നു പ്രദക്ഷിണം. മോർ അഫ്രേം മാത്യൂസ് മെത്രാപ്പോലീത്ത, മോർ സ്തേഫാനോസ് ഗീവറുഗീസ് മെത്രാപ്പോലീത്ത എന്നിവർ കാർമികത്വം വഹിക്കും.

അംഗ സമാശ്വാസ ഫണ്ട് വിതരണം

പറവൂർ: സഹകരണ ബാങ്കുകളിലെ അംഗങ്ങളിൽ മാരകരോഗം പിടിപെടുന്നവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന അംഗ സമാശ്വാസ ഫണ്ടിന്റെ വിതരണം പറവൂർ സഹകരണ ബാങ്കിൽ നടന്നു.സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷനംഗം കെ.എം.ദിനകരൻ ഉദ്ഘാടനം ചെയ്തു.ബാങ്ക് പ്രസിഡന്റ് സി.പി.ജിബു അധ്യക്ഷത വഹിച്ചു.ബാങ്ക് അംഗങ്ങളിൽ അർഹരായവർക്ക് 12.60 ലക്ഷം രൂപയാണ് വിതരണം ചെയ്തത്.

മെറീനോ 2023 നടത്തി

അങ്കമാലി: സ്നേഹാസദൻ കോളെജ് ഓഫ് സ്പെഷ്യൽ എജ്യുക്കേഷൻ മെറീനോ 2023 നടത്തി. സെന്റ് ജോർജ് ബസിലിക്ക ഫാ.ഡോ.ജിമ്മി പൂച്ചക്കാട്ട് ഉദ്ഘാടനം ചെയ്തു. എജ്യുക്കേഷണൽ കൗൺസിലർ സിസ്റ്റർ ആനി ജോ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ജോഫി മരിയ, ബിഎഡ് കോ ഓർഡിനേറ്റർ സിസ്റ്റർ ക്രിസ്റ്റി, എച്ച്ഒഡി ബോബി വിൽസൻ, ലോക്കൽ മാനെജർ സിസ്റ്റർ സിറിൽ തുടങ്ങിയവർ സംസാരിച്ചു. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ ട്രെയ്നിംഗ് നേടിയ വിദ്യാർഥികളുടെ ഡിജിറ്റൽ സർട്ടിഫിക്കേഷൻ ഡോ.ജിനൊ ആരുഷിയും ഡോ.പി.എസ്.സുകുമാരനും ചേർന്നു നിർവഹിച്ചു.

എംജി യൂണിവേഴ്സിറ്റി ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ ഡിഗ്രി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സുധീഷ, രണ്ടാം റാങ്ക് ലഭിച്ച മിലി, നാലാം റാങ്ക് ലഭിച്ച ജോയിസി, അഞ്ചാം റാങ്ക് നേടിയ നിത്യാ, എട്ടാം റാങ്ക് ലഭിച്ച സിബി, നീണ്ട കാലയളവിൽ സ്പെഷ്യൽ എജ്യുക്കേഷൻ രംഗത്ത് മികച്ച സംഭാവനകൾ നൽകിയ ഡോ. പി.എസ്.സുകുമാരൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

കുടിവെള്ള ടാങ്കർ സ്വകാര്യ കമ്പനിക്ക് വിട്ടുനൽകിയ സംഭവത്തിൽ പ്രതിഷേധം

തൃക്കാക്കര നഗരസഭാ ടാങ്കർ സ്വകാര്യ കമ്പനിക്ക് നൽകിയതിൽ പ്രതിഷേധിച്ച് ഡിവൈഎഫ്ഐ, ചെയർപേഴ്സന്റെ ക്യാബിനിലെത്തി പ്രതിഷേധിക്കുന്ന നഗരസഭ പ്രതിപക്ഷ നേതാവും കൗൺസലർമാരും.

തൃക്കാക്കര : സ്വകാര്യ കമ്പനിക്ക് നിർമാണത്തിനായി നഗരസഭയുടെ കുടിവെള്ള ടാങ്കർ വിട്ടുനൽകിയതിനെതിരെ നഗരസഭയിൽ പ്രതിഷേധം. കാക്കനാട് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് സ്വകാര്യ കമ്പനിക്ക് നിർമാണത്തിനായി നഗരസഭയുടെ കുടിവെള്ള ടാങ്കർ വിട്ടുനൽകിയ ചെയർപേഴ്സന്റെ നടപടിക്കെതിരെയാണു പ്രതിഷേധം നടന്നത്. പ്രതിപക്ഷ നേതാവ് എം.കെ.ചന്ദ്രബാബു, കൗൺസിലർ പി.സി.മനൂപ്, എം. ജെ.ഡിക്സൻ, അജുന ഹാഷിം എന്നിവരുടെ നേതൃത്വത്തിലാണു പ്രതിപക്ഷ കൗൺസിലർമാർ പ്രതിഷേധിച്ച് നിർമാണം നിർത്തിവെപ്പിച്ചത്. ഇതിനിടെ നഗരസഭാ ടാങ്കർ സ്വകാര്യ കമ്പനിക്ക് നൽകിയതിൽ പ്രതിഷേധിച്ച് ഡിവൈഎഫ്ഐ, ചെയർപേഴ്സന്റെ ക്യാബിനിലേക്ക് പ്രതിഷേധവുമായി എത്തിയത് സംഘർഷത്തിൽ കലാശിച്ചു.സംഘർഷം മണിക്കൂറുകളോളം നീണ്ടു. നേതാക്കളെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കി.പത്ത് ഡിവൈഎഫ്ഐ നേതാക്കൾക്കെതിരെ പൊലീസ് കേസ് എടുത്തു.

സ്വകാര്യ കമ്പനിക്ക് നിർമാണത്തിനായി നഗരസഭയുടെ കുടിവെള്ള ടാങ്കർ വിട്ടുനൽകിയ ചെയർപേഴ്സനെതിരെ ഇടതുപക്ഷത്തെ 18 കൗൺസിലർമാർ ഒപ്പിട്ട് സെക്രട്ടറിക്ക് പരാതി നൽകി. അസി.എക്സിക്യൂട്ടിവ് എൻജിനിയർ ഹരിദാസ് ഈ പരാതി ഉൾപ്പടെ തൃക്കാക്കര പൊലീസിന് കൈമാറി.നഗരസഭാ ഉദ്യോഗസ്ഥരുടെ അറിവില്ലാതെ നഗരസഭയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ സൗജന്യമായി കുടിവെള്ളം എത്തിക്കാൻ തൃക്കാക്കര നഗരസഭ 19 ലക്ഷത്തോളം രൂപ മുടക്കിയാണു കഴിഞ്ഞ ദിവസം കുടിവെള്ള ടാങ്കർ ലോറി വാങ്ങിയത്. ഈ ടാങ്കർ ലോറി സ്വകാര്യ കമ്പനിയുടെ നിർമാണ സ്ഥലത്ത് കണ്ടെത്തിയ സംഭവത്തിൽ വാഹനം പിടിച്ചെടുത്ത് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് എം.കെ.ചന്ദ്രബാബു, തൃക്കാക്കര പൊലീസിന് പരാതി നൽകി.വാഹനം പൊലീസ് കസ്റ്റഡിയിലെടുത്ത് അന്വേഷണം ആരംഭിച്ചു.

ചലച്ചിത്ര ഗാന മത്സരം

കൊച്ചി: ബാങ്കേഴ്സ് ക്ലബ് ഗ്രെയ്റ്റർ ആഭിമുഖ്യത്തിൽ 21ന് എറണാകുളത്തു വെച്ച് അഖിലകേരള അടിസ്ഥാനത്തിൽ കരോക്കേ ചലച്ചിത്ര ഗാന മത്സരം നടത്തും.

സർവിസിലുള്ളതും റിട്ടയർ ചെയ്തവരുമായ ബാങ്കുജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാം.

പത്തു വയസു മുതലുള്ള മത്സരാർഥികളെ നാലു കാറ്റഗറിയായി മത്സരിപ്പിക്കും. ഉയർന്ന പ്രായപരിധിയില്ല.

വിജയികൾക്ക് ക്യാഷ് പ്രൈസും ട്രോഫികളും സമ്മാനിക്കുന്നതോടൊപ്പം മെഗാ സമ്മാനദാന ചടങ്ങിൽ പാടാൻ അവസരം നൽകും. രജിസ്ട്രേഷനായി 9847710339, 8891596037, 8547418711 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

കുട്ടികൾക്കായി ഏകദിന ക്യാംപ്

പറവൂർ: അവധിക്കാലത്തെ മനോഹരമാക്കിക്കൊണ്ട് പൂമൊട്ടുകളിലെ കുട്ടികളെ നാളെയുടെ നല്ല പൗരന്മാരായി വളർത്തിയെടുക്കാൻ കോട്ടപുറം കിഡ്സിന്റെ നേതൃത്വത്തിൽ വിവിധ പൂമുട്ടുകളിൽ നിന്നും 200 കുട്ടികളെ പങ്കെടുപ്പിച്ചു കോട്ടപ്പുറം വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ കലൂർ ജെസ്യൂട്ട് ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ഒരു ഏകദിന പരിശീലന ക്യാംപ് നടത്തി. കോട്ടപ്പുറം രൂപത മതബോധന ഡയറക്റ്റർ ഫാ.ജോയ് സ്രാമ്പിക്കൽ ഉദ്ഘാടനം നിർവഹിച്ചു. കിഡ്സ് എക്സിക്യൂട്ടിവ് ഡയറക്റ്റർ ഫാ.പോൾ തോമസ് കളത്തിൽ അധ്യക്ഷത വഹിച്ചു.

ലിറ്റിൽ കൈറ്റ്സ്

സംസ്ഥാന ക്യാംപ് കൊച്ചിയിൽ

കൊച്ചി: സംസ്ഥാനത്തെ സ്കൂളുകളിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങൾക്കുള്ള സംസ്ഥാനതല സഹവാസ ക്യാംപ് 15, 16 തിയതികളിൽ കളമശേരി സ്റ്റാർട്ടപ്പ് മിഷനിൽ നടക്കും. സബ് ജില്ലാ ക്യാംപിൽ പങ്കെടുത്ത 14000 കുട്ടികളിൽ നിന്നും തെരഞ്ഞെടുത്ത 1200 കുട്ടികളെ ഉൾപ്പെടുത്തിയുള്ള 'ലിറ്റിൽ കൈറ്റ്സ്' ജില്ലാ ക്യാംപുകൾ ഫെബ്രുവരിയിൽ നടത്തിയിരുന്നു. ഈ ക്യാംപിൽ നിന്നും തെരഞ്ഞെടുത്ത 130 കുട്ടികളാണു കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പങ്കാളിത്തത്തോടെ നടത്തുന്ന സംസ്ഥാനതല ക്യാംപിൽ പങ്കെടുക്കുന്നത്.

ക്യാംപ് 15നു രാവിലെ 11നു മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. വൈകിട്ടു ആറിന് മന്ത്രി പി.രാജീവ് ക്യാംപ് അംഗങ്ങളുമായി സംവദിക്കും. ഒന്നാം ദിവസം രാവിലെ അനിമേഷൻ, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ കുട്ടികൾ തയാറാക്കിയ ഉൽപ്പന്നങ്ങളുടെ പ്രദർശനം ഉണ്ടായിരിക്കും. കൈറ്റ് സിഇഒ കെ.അൻവർ സാദത്ത്, വി കൺസോൾ എംഡി ജോയ് സെബാസ്റ്റ്യൻ, ഡിജിറ്റൽ മീഡിയാ കൺസൾട്ടന്റ് സുനിൽ പ്രഭാകർ എന്നിവർ ക്ലാസുകളെടുക്കും.

ലിറ്റിൽ കൈറ്റ്സ് ക്യാംപ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും

15നു ഉച്ചയ്ക്ക് ശേഷം സ്റ്റാർട്ട്അപ് മിഷനിലെ ഫാബ്ലാബ്, മേക്കർ വില്ലെജ്, മേക്കർ ലാബ് തുടങ്ങിയ സംവിധാനങ്ങൾ കുട്ടികൾ സന്ദർശിക്കും. ക്യാംപിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വിർചൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, റോബോറ്റിക്സ്, അനിമേഷൻ, ത്രിഡി ക്യാരക്റ്റർ മോഡലിംഗ്, ത്രിഡി പ്രിന്റിംഗ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിദഗ്ധർ ക്ലാസുകളെടുക്കും. അസിമോവോ ടെക്നോളജിസ്, ഫ്യൂച്ചർ ത്രിഡി, ചാനൽ ഐആം തുടങ്ങിയ കമ്പനികൾ അവതരണം നടത്തും. അനിമേഷൻ മേഖലയുമായി ബന്ധപ്പെട്ട് ഡിസൈനർ പി.വൈ.സുധീറും സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചാരകൻ ഇ.നന്ദകുമാറും ക്ലാസുകളെടുക്കും.

സിംഗപൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ റോബോട്ടിക്സ് വിഭാഗം തലവൻ പ്രൊഫ. പ്രഹ്ളാദ് വടക്കേപ്പാട്ട് കുട്ടികളുമായി ആശയവിനിമയം നടത്തും.ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകളിൽ കേരളത്തിലെ 2000 പൊതു വിദ്യാലയങ്ങളിലായി നിലവിൽ 62,000 കുട്ടികൾ അംഗങ്ങളാണ്. 2019 ലെ മുഖ്യമന്ത്രിയുടെ നൂതനാശയങ്ങൾക്കുള്ള ഇന്നൊവേഷൻ അവാർഡ് ഉൾപ്പെടെ നിരവധി ബഹുമതികൾ ഈ പദ്ധതിയ്ക്ക് ലഭിച്ചിട്ടുണ്ട്.

മാനെജരെ ആക്രമിച്ച കേസിൽ നാല് പേർ അറസ്റ്റിൽ

അങ്കമാലി : വിനോദ സഞ്ചാര കേന്ദ്രമായ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തിലെ ഓപ്പറേഷൻ മാനെജരെ ആക്രമിച്ച കേസിൽ നാലു പേർ അറസ്റ്റിൽ.

അങ്കമാലി കോട്ടക്കൽ വീട്ടിൽ ഡോൺ വർഗീസ് (34), ജോസഫ് വർഗീസ് (32), മേലൂർ കുന്നപ്പിള്ളി കോട്ടക്കൽ ഡിറ്റോ (40), തൃശൂർ മേലൂർ അഡിച്ചിലി മുണ്ടോളി വീട്ടിൽ നിതുൽ കൃഷ്ണ (27) എന്നിവരെയാണ് അയ്യമ്പുഴ പൊലീസ് അറസ്റ്റ് ചെയ്തത്. പുൽപ്പള്ളി സ്വദേശി സോബിനാണ് പിടിയിലായ നാലു പേരുടെ നേതൃത്വത്തിൽ മർദ്ദനമേറ്റത്.

കഴിഞ്ഞ 26നു വൈകിട്ട് 6.15നാണു സംഭവം. പ്രകൃതി ഗ്രാമത്തിലേക്കുള്ള പ്രവേശനം സമയം കഴിഞ്ഞു വന്ന പ്രതികളുടെ കാർ തടഞ്ഞതിലുള്ള വിരോധത്തിലാണ് അക്രമം അഴിച്ചുവിട്ടത്.

അന്വേഷണ സംഘത്തിൽ ഇൻസ്പെക്റ്റർ എം. മനോജ്, എസ്ഐമാരായ എ.സി.ബിജു, അബ്ദുൾ സത്താർ, വി.കെ.രാജു, എസ്സിപിഒമാരായ സുബൈർ, നൈജോ സെബാസ്റ്റ്യൻ, സിപിഒമാരായ ബെന്നി ഐസക്ക്, അഫ്സൽ, സുധീർ എന്നിവരാണ് ഉണ്ടായിരുന്നത്.

ഡോ. വന്ദന വധം:

ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു

ആലുവ : കൊട്ടാരക്കരയിലെ ഡോ. വന്ദനയുടെ അതിദാരുണമായ കൊലപാതകത്തിൽ മനം നൊന്ത് ലഹരി വിരുദ്ധ പ്രവർത്തനത്തിനു പ്രതിജ്ഞയെടുത്ത് സീനിയർ സിറ്റിസൺ സംഘനയായ നെടുമ്പാശേരി ഒയാസിസ് ക്ലംബംഗങ്ങൾ.

ഒയാസിസിന്റെ 14-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടന അവസരത്തിലാണ് അംഗങ്ങൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തത്.

ആരോഗ്യ പരിപാലനമാകട്ടെ യുവതലമുറയുടെ യഥാർഥ ലഹരി എന്ന സന്ദേശവുമായി ചക്രാസനത്തിൽ നിന്നു കൊണ്ടാണു സീനിയർ വെറ്ററൻ ജോസ് മാവേലി വാർഷികാഘോഷം ഉദ്ഘാടനം ചെയ്തത്. ആരോഗ്യപരിപാലനത്തെ ലഹരിയായി കണ്ടാൽ യുവതലമുറ മറ്റു ലഹരികളുടെ പുറകേ പോകുന്നതു തനിയെ അവസാനിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ക്ലബ് മുൻ പ്രസിഡന്റ് എ. പി.ജി.നായർ ലഹരി വിരുദ്ധ പ്രവർത്തന പ്രമേയം അവതരിപ്പിച്ചു. അത്താണി കൽപ്പക നഗറിലെ ക്ലബ് ഓഫിസിൽ നടന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് കെ.പി.വർഗീസ് അധ്യക്ഷത വഹിച്ചു.

സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ആനുകൂല്യം അനുവദിക്കണം

കൊച്ചി: കേരളത്തിലെ സ്വകാര്യ ക്ഷേത്രങ്ങളിലെ മുഴുവൻ കണക്കെടുപ്പ് നടത്തി ആവശ്യമായ വേതനവും ആനുകൂല്യങ്ങളും ലഭിക്കുന്നതിനും ജോലി സ്ഥിരത ഉറപ്പാക്കുന്നതിനുമുള്ള നിയമനിർമാണം നടത്തണമെന്ന് കേരള പ്രൈവറ്റ് ദേവസ്വം എംപ്ലോയിസ് ഫെഡറേഷൻ കേന്ദ്രസമിതി വാർഷിക യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

ചെറായി സെന്റ്. ജോർജ് എൽപി സ്കൂൾ ഹാളിൽ നടന്ന യോഗം കെ.എൻ.ഉണ്ണികൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.വിശ്വാസികളെയും ആരാധനാലയങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നവരാണു ശാന്തിക്കാരെന്നും മത വിശ്വാസവുമായി ബന്ധമുള്ളത് പോലെ ചരിത്രപരമായ പ്രാധാന്യവും ക്ഷേത്രങ്ങൾക്കുണ്ടെന്നും എംഎൽഎ പറഞ്ഞു. ഫെഡറേഷൻ പ്രസിഡന്റ് പി. എ.സുധി ശാന്തി അധ്യക്ഷത വഹിച്ചു. സിഐടിയു ജില്ലാ വൈസ് പ്രസിഡന്റ് ടി.ആർ. ബോസ് മുഖ്യാതിഥിയായിരുന്നു. ജനറൽ സെക്രട്ടറി എ. ആർ.പ്രകാശൻ ശാന്തി, വൈസ് പ്രസിഡന്റ് ഇ.ആർ.ഭാസി,പ്രിനിൽ, എം.പി.മുരളി ശാന്തി സംസാരിച്ചു. ഭാരവാഹികളായി പി.എ.സുധി ശാന്തി ചെറായി (പ്രസിഡന്റ്), എ.കെ.പ്രകാശൻ ശാന്തി ചെട്ടിക്കാട് (ജന. സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

നഷ്ടപ്പെട്ടു

എന്റെ KL 07 AY 6656 നമ്പറിലുള്ള മാരുതി സുസുക്കി ബെലേനോ (സിൽവർ) വണ്ടിയുടെ ആർ സി ബുക്ക് നഷ്ടപ്പെട്ടു . കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.
എന്ന്
ഡിഫ്ന കെ എൽ
കാരത്താറ്റ് ഹൗസ്
കളമശ്ശേരി, പിൻ -683104
ഫോൺ: 9847371396

മാലിന്യം റോഡിൽ തള്ളിയവരിൽ നിന്ന് 174000 രൂപ പിഴ ഈടാക്കി

കളമശേരി: കളമശേരി നഗരസഭ ഹെൽത്ത് വിഭാഗം കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ രാത്രികാല പരിശോധനയിൽ 174000 രൂപ പിഴയടപ്പിച്ചു.കളമശേരി സീപോർട്ട് - എയർപോർട്ട് റോഡിൽ നടത്തിയ പരിശോധനയിൽ 13 പേരെ പിടികൂടി. അങ്കമാലിയിലെ റോഷൻ പോളിമേഴ്സ് പ്ലാസ്റ്റിക് എന്ന സ്ഥാപനത്തിൽ നിന്നും സീപോർട്ട് റോഡിൽ പ്ലാസ്റ്റിക് മാലിന്യം തള്ളിയതിന് ഒരു ലക്ഷം രൂപ പിഴ അടപ്പിച്ചു. മറ്റു വിവിധ ഭാഗങ്ങളിൽ നിന്നും പിടികൂടിയവരിൽ നിന്നും 74000 രൂപ പിഴ അടപ്പിച്ചു.കളമശേരി നിപ്പോൺ ടയോട്ടയുടെ സമീപം കക്കൂസ് മാലിന്യം റോഡിൽ തള്ളിയ വാഹനം നഗരസഭ ഹെൽത്ത് വിഭാഗം പിടിച്ചെടുത്തു.പടമുകളിൽ നിന്നുമുള്ള വേസ്റ്റാണ് പിടിച്ചെടുത്തത്. ഇതിനു ഭീമമായ പിഴ ഈടാക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. പിഴ അടക്കാൻ ആളെത്തിയിട്ടില്ല. ഹെൽത്ത് സ്ഥിരം സമിതി ചെയർമാൻ എ. കെ.നിഷാദ്, നഗരസഭ ഹെൽത്ത് ഇൻസ്പെക്റ്റർമാർ, നഗരസഭ ജീവനക്കാർ എന്നിവർ നേതൃത്വം കൊടുത്തു.നഗരസഭ വീടുകളിൽ നിന്നും ഫുഡ് വേസ്റ്റ് എടുക്കാൻ തുടങ്ങിയ സാഹചര്യത്തിൽ മാലിന്യം റോഡുകളിൽ വലിച്ചെറിയുന്നവരെ പിടികൂടിയാൽ കനത്ത പിഴയും നിയമനടപടികളും സ്വീകരിക്കുമെന്ന് നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ അറിയിച്ചു.

സ്വകാര്യ കൈയേറ്റങ്ങൾ അനുവദിക്കില്ല

മൂവാറ്റുപുഴ: സർക്കാർ പൊന്നുംവിലക്കേറ്റെടുത്ത ഒരിഞ്ച് ഭൂമിയിൽ പോലും സ്വകാര്യ കൈയേറ്റങ്ങൾ അനുവദിക്കില്ലന്ന് മാത്യുകുഴൽനാടൻ എംഎൽഎ. റോഡ് വികസനവുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു എംഎൽഎ. ഏറ്റെടുത്ത സ്ഥലങ്ങൾ പൂർണമായി നിർമാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കും. റോഡിന് സൈഡിലായി വരുന്ന ഡക്റ്റുകളും ഡ്രൈനേജുകളും കഴിഞ്ഞു വരുന്ന സ്ഥലം നഗരവികസനവുമായി ബന്ധപ്പെട്ട പൊതു ആവശ്യത്തിന് ഉപയോഗിക്കും. കെഎസ്ഇബിക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി സ്ഥലങ്ങൾ ഉപയോഗിക്കും. ബാക്കിവരുന്ന സ്ഥലങ്ങൾ നഗരവികസനത്തിന്റെ ഭാഗമാക്കുമെന്നും എഎംഎൽഎ പറഞ്ഞു. നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി ആവശ്യമായ ട്രാഫിക് ക്രമീകരണങ്ങൾ ഏർപ്പെടുത്തും.

നിർമാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും യോഗത്തിൽ തീരുമാനിച്ചു. നഗരസഭ ചെയർമാൻ പി.പി.എൽദോസ്, കെആർഎഫ്ബ് എക്സിക്യൂട്ടിവ് എൻജിനിയർ മിനിമാത്യു, അസി.എക്സി.എൻജിനിയർ ലക്ഷ്മി എസ്.ദേവി പങ്കെടുത്തു.

ആധാർ മേള

അങ്കമാലി: അങ്കമാലി നഗരസഭ 24-ാം വാർഡ് തപാൽ വകുപ്പുമായി ചേർന്ന് ആധാർ മേള ഇന്നു നടത്തും.രാവിലെ ഒൻപതു മുതൽ മൂന്നു വരെ അങ്കമാലി ഹോളി ഫാമിലി സ്കൂളിൽ നടത്തുന്ന മേള നഗരസഭാ ചെയർമാൻ മാത്യു തോമസ് ഉദ്ഘാടനം ചെയ്യും. ആധാർ എടുക്കാത്തവർക്ക് പുതിയ ആധാർ എടുക്കുന്നതിനും ആധാറിലെ തെറ്റുകൾ തിരുത്തുന്നതിനും ഫോൺ നമ്പർ ചേർക്കുന്നതിനും അഞ്ചു വയസിനു ശേഷവും 15 വയസിനു മുൻപുമായി രണ്ടു തവണ ആധാർ നിർബന്ധമായും പുതുക്കേണ്ടതിനും നിലവിലെ ആധാറിലെ ഫോട്ടൊ മാറ്റുന്നതിനും ഈ അവസരം വിനിയോഗിക്കാമെന്ന് വാർഡ് കൗൺസിലർ ലക്സി ജോയ് അറിയിച്ചു.

ICICI Home Finance | കോർപ്പറേറ്റ് ഓഫിസ്: ഐസിഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫിസ്: ഗ്രൗണ്ട് ഫ്ലോർ , ഷോപ് നമ്പർ V/1165-351C , എസ് എം സർവേഴ്സ് , മാടവന ജംക്ഷൻ, വടക്കേവിള പി ഒ , പള്ളിമുക്ക്, കൊല്ലം -691010

പ്രൊവിസോ റൂൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ് റൂൾ 8(6) പ്രകാരമുള്ള ഇ- ലേല വിൽപ്പന.

വായ്പാ കരാർ പ്രകാരം ഐസിഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ (ജാമ്യ വസ്തു) ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

| Sr. No. | വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ | ജാമ്യവസ്തുവിന്റെ വിശാദംശങ്